## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1437 — 31-10-2019 -ൽ മറുപടിക്ക്

## വെള്ളപ്പൊക്ക പദ്ധതിയിൽ റോഡ് നവീകരണത്തിനുള്ള ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഓരോ വർഷവും വെള്ളപ്പൊക്ക പദ്ധതിയിൽ ഗ്രാമീണറോഡുകൾ നവീകരിക്കുന്നതിന് അനുവദിക്കുന്ന ഫണ്ട് സമയപരിധിക്കുള്ളിൽ ചെലവഴിക്കാതെ ലാപ്സായി പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) & ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി പദ്ധതി നിർവ്വഹണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള നിധിയല്ല. റോഡുകളുടെ പുനരുദ്ധാരണത്തിൽ, അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിരമായ പുനരുദ്ധാരണം മാത്രമാണ് പ്രസ്തുത നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായിട്ടുള്ളത്. ഇപ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഒന്നര വർഷത്തെ ഭരണാനുമതി കാലാവധിയാണുള്ളത്. പ്രസ്തുത പ്രവൃത്തി അനുവദിച്ച് കിട്ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം പ്രവൃത്തി നിർവ്വഹണത്തിനുള്ള കരാറിൽ ഏർപ്പെട്ട് പ്രസ്തുത കരാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത ഭരണാനുമതി റദ്ദാകുന്നതാണ്. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് നിർവ്വഹണാനുമതി നൽകുവാൻ സാധിക്കാതെ ചില പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന സീനിയോറിറ്റി പരിഗണിച്ചാണ് ബിൽ തുക നൽകുന്നത്. സമയബന്ധിതമായി കരാർ വയ്ക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതിയാണ് റദ്ദാകുന്നത്. ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമില്ല. |
| ബി) | എന്തുകൊണ്ടാണ് പ്രസ്തുത പദ്ധതിയിലെ തുക ചെലവഴിക്കാതെ പോകുന്നതെന്ന് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയിൽ ആരംഭിക്കുന്ന ഫണ്ടിന്റെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിന് ജില്ലാ, ബ്ലോക്ക് തലങ്ങളിൽ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ഒരു സംവിധാനം കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) | 27.03.2018-ലെ സ.ഉ.(കൈ) നം.3/2018/ ഡി.എം.ഡി. പ്രകാരം പ്രവൃത്തികളുടെ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചും പ്രവൃത്തികളുടെ നിർവ്വഹണം വിലയിരുത്തുന്നതിനും സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ